## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.**3596** — 20-06-2019 ൽ മറുപടിയ്ക്ക്

### ബഹുനിലക്കെട്ടിടങ്ങളുടെ സുരക്ഷ സംബന്ധിച്ച്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എൻ.ഷംസുദ്ദീൻ** | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) സംസ്ഥാനത്തെ ബഹുനിലക്കെട്ടിടങ്ങളുടെ സുരക്ഷ സംബന്ധിച്ച് ഫയർഫോഴ്സ് പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിലെ വിവരങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ; | എ) സമർപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ബഹുനില കെട്ടിടങ്ങളിലും വ്യാപാര സ്ഥാപനങ്ങളിലും ഗോഡൗണുകളിലും സിനിമാ തീയറ്ററുകളിലും നടത്തിയ പരിശോധനയിൽ പല കെട്ടിടങ്ങളിലും അഗ്നിശമന സംവിധാനങ്ങൾ ഒന്നും തന്നെ സ്ഥാപിക്കാതിരിക്കുക, അഗ്നിരക്ഷാ സംവിധാനങ്ങൾ ഉണ്ടെങ്കിൽ തന്നെ പ്രവർത്തനക്ഷമമാകാതിരിക്കുക, ഓപ്പൺ ടെറസ്സുകൾ കെട്ടിയടച്ച നിലയിലായിരിക്കുക, അടിയന്തിര രക്ഷാ മാർഗ്ഗങ്ങളായ സ്റ്റെയർ കേസുകൾ പൂട്ടിയിട്ടിരിക്കുക, സ്റ്റെയർ കേസിലേയ്ക്കുള്ള പടികളും സ്റ്റെയർ കേസുകളും വിവിധ വസ്തുക്കൾ കൊണ്ട് തടസ്സപ്പെടുത്തിയിരിക്കുക, അനധികൃതമായ കൂട്ടിച്ചേർക്കലുകൾ കെട്ടിടത്തിൽ വരുത്തിയിരിക്കുക, കൈവശഗണം വ്യത്യാസപ്പെടുത്തുക, രക്ഷാപ്രവർത്തനവേളയിൽ അഗ്നിശമന വാഹനങ്ങൾക്ക് എത്തിച്ചേരുന്നതിനുള്ള വഴികൾ തടസ്സപ്പെടുത്തിയുള്ള നിർമ്മാണം, കൂടാതെ ഫയർ എൻ.ഒ.സി. ലഭിച്ചു കഴിഞ്ഞാൽ പലകെട്ടിട ഉടമകളും കെട്ടിടത്തിൽ സ്ഥാപിച്ചിട്ടുള്ള അഗ്നിശമന ഉപകരണങ്ങൾ ശരിയായി പരിപാലിക്കാത്തത് മൂലം ആയവ പ്രവർത്തന രഹിതമാവുന്ന അവസ്ഥ എന്നിവയാണ് നിലവിൽ ഉള്ളത്. ഈ പ്രവണത മൂലം ഇത്തരം കെട്ടിടങ്ങളിൽ താമസിക്കുന്നതും ജോലി ചെയ്യുന്നതുമായ ആളുകളുടെ |

ജീവനും സ്വത്തിനും ഭീഷണിയാകുന്നു. വർഷാവർഷം പുതുക്കേണ്ട ഫയർ എൻ.ഒ.സി.കൾ കെട്ടിട ഉടമകൾ പുതുക്കാറില്ല എന്നീ വിവരങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

| | |
|---|---|
| ബി) സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെ സംസ്ഥാനത്തുടനീളം നിർമ്മിച്ചിരിക്കുന്ന കെട്ടിടങ്ങൾക്ക് സുരക്ഷാമാനദണ്ഡം നിർബന്ധമാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശങ്ങൾ നൽകുമോ? | ബി) ഉദ്ദേശിക്കുന്നുണ്ട്. നിയമപരമായി അഗ്നി സുരക്ഷ സംവിധാനങ്ങൾ ഒരുക്കാത്ത കെട്ടിടങ്ങളിൽ അവ സ്ഥാപിക്കുന്നതിനായി നിർദ്ദേശം നൽകുകയും സുരക്ഷ മാനദണ്ഡങ്ങൾ ലംഘിക്കുന്ന കെട്ടിടങ്ങൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ജില്ലാ ദുരന്ത നിവാരണ അതോറിറ്റിക്കും കത്ത് നൽകിയിട്ടുണ്ട്. സ്ഥിരം അഗ്നിശമന സംവിധാനങ്ങൾ ഇല്ലാത്ത കെട്ടിടങ്ങളിൽ ആയത് ഉറപ്പ് വരുത്തുന്നതിനും സ്ഥാപിച്ചിട്ടുള്ള കെട്ടിടങ്ങളിൽ ആയത് പരിപാലിക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുന്നതിനും പര്യാപ്തമായ നടപടികൾ സ്വീകരിക്കുന്നതിന് നിലവിൽ അഗ്നിരക്ഷാ വകുപ്പിന് നിയമ പിൻബലം ഇല്ലാത്തതിനാൽ സാധിക്കുന്നില്ല. കേരള ഫയർ ഫോഴ്സ് ആക്റ്റ് നവീകരിച്ചാൽ മാത്രമേ ഇത്തരത്തിലുള്ള അധികാരങ്ങൾ അഗ്നിരക്ഷാ വകുപ്പിന് ലഭ്യമാകുകയുള്ളൂ എന്നതിനാൽ ബിൽഡിംഗ് റൂളിലെ ഭേദഗതിയനുസരിച്ചും വിവിധ സംസ്ഥാനങ്ങളിലെ ഫലപ്രദമായ ആക്റ്റ് പരിശോധിച്ചും 1962-ലെ ഫയർ ഫോഴ്സ് ആക്റ്റിൽ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ